സംബന്ധിച്ച അവബോധം പുതുതായി തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്ക് ഉണ്ടാകുന്നതിന് തൃശ്ശൂർ കിലയിൽവച്ച് പരിശീലനം നൽകുന്നതായിരിക്കും. മേൽപ്പറഞ്ഞ കാര്യങ്ങൾ വിശദമായി ഉൾപ്പെടുത്തി ഒരു സർക്കാർ ഉത്തരവ് ഉണ്ടാക്കുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനും വേണ്ട തയ്യാറെടുപ്പുകൾ അവസാനഘട്ടത്തിലേക്ക് നീങ്ങുന്നു.

ഇതോടൊപ്പം പൊതുജനാരോഗ്യ മേഖലയെ ശക്തിപ്പെടുത്താനുള്ള മറ്റു പ്രവർത്തനങ്ങളും ആരോഗ്യവകുപ്പ് നടത്തിവരുന്നു.

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ് വകുപ്പ്

23 (*233) ശ്രീ.സാജു പോൾ :

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :

ശ്രീ. എ. കെ. ബാലൻ :

ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ് വകുപ്പിനെ സ്വയംഭരണ സ്ഥാപനമാക്കി മാറ്റാൻ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ നടപടികൾ ഏതുവരെയായെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ വകുപ്പിനെ സ്വയംഭരണ സ്ഥാപനമാക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെ എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) സ്വയംഭരണ സ്ഥാപനമായി മാറുന്നതോടെ, നിലവിലുള്ള ഇ.എസ്.ഐ ആനുകൂല്യം ഉൾപ്പെടെയുള്ള പദ്ധതികൾക്ക് എന്തെല്ലാം മാറ്റങ്ങളാണ് വരുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) വകുപ്പിലെ ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ):

(എ-സി) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ് വകുപ്പിനെ സ്വയംഭരണ സ്ഥാപനമാക്കി മാറ്റാൻ സർക്കാർ നിലവിൽ തീരുമാനിച്ചിട്ടില്ല. എന്നാൽ ഇ.എസ്.ഐ. ആശുപത്രികളും ഡിസ്പെൻസറികളും വഴി നൽകിവരുന്ന സേവനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുക എന്ന ഉദ്ദേശത്തോടെ ഇ.എസ്.ഐ

LIBRARY ARCHIVES Kerala Legislative Assembly

ആക്ടിന്റെ സെക്ഷൻ 58(5) പ്രകാരം സംസ്ഥാനതലത്തിൽ ഒരു സബ്സിഡിയറി കോർപ്പറേഷൻ/സൊസൈറ്റി രൂപീകരിക്കുന്നതിന്മേൽ കേന്ദ്ര സർക്കാരിന്റെ ഇ.എസ്.ഐ കോർപ്പറേഷൻ സംസ്ഥാന സർക്കാരിനോട് അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. അതിനെപ്പറ്റി പഠിച്ച് ഒരു റിപ്പോർട്ട് സമർപ്പിക്കുവാൻ 02/02/2016-ലെ ജി.ഒ.(ആർ.റ്റി.)നമ്പർ 150/2016/തൊഴിൽ പ്രകാരം ടെയിനിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

(ഡി&ഇ) വകുപ്പിനെ സ്വയംഭരണ സ്ഥാപനമായി മാറ്റുവാൻ തീരുമാനമെടുത്തിട്ടില്ലാത്തതിനാൽ ചോദ്യം ഉദിക്കുന്നില്ല.

ഔഷധ വില

24 (*234) ശ്രീ. മുല്ലക്കര രത്നാകരൻ :

ശ്രീ. വി. എസ്. സുനിൽ കുമാർ :

ശ്രീമതി ഗീതാ ഗോപി :

ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഔഷധ വില നിയന്ത്രിക്കുന്നതിന് സംവിധാനങ്ങൾ നിലവിലുണ്ടോ; എങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) മരുന്ന് വിപണിയിൽ ഫലപ്രദമായി ഇടപെടാൻ കഴിയുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തു നടപടി സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ;

(സി) രോഗികൾക്ക് മരുന്നുകളുടെ ജനറിക് നെയിം എഴുതിയ കുറിപ്പുകൾ മാത്രമെ നൽകാവൂ എന്ന നിബന്ധന പാലിക്കപ്പെടുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ജീവിതശൈലീ രോഗങ്ങളുടെയും പാരമ്പര്യ രോഗങ്ങൾ ഉൾപ്പെടെയുള്ള രോഗങ്ങളുടെയും മരുന്നുവില അസഹനീയമാംവിധം വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) നമ്മുടെ രാജ്യത്ത് മരുന്നുകളുടെ വില നിയന്ത്രിക്കുന്നതും നിശ്ചയിച്ചുറപ്പിക്കുന്നതും കേന്ദ്ര സർക്കാരാണ്. ഇത് കെമിക്കൽസ് & ഫെർട്ടിലൈസേഴ്സ് വകുപ്പിന് കീഴിലുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽ ആന്റ് പ്രൈസിംഗ് അതോറിറ്റി വഴിയാണ് നടപ്പിലാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly